# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

## തൃശ്ശൂർ

**Email: kauagmet@yahoo.co.in, cohagmet@kau.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 51/17, ചൊവ്വാഴ്ച** **തീയ്യതി 19.12.2017**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 29.9 മുതൽ 32.9 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 20.4 മുതൽ 22.1 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 64 മുതൽ 95 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 41 മുതൽ 67 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.5 മുതൽ 12.5 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 0.0 മുതൽ 9.7 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 0.9 മുതൽ 5.9 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 20.12.2017 | 21.12.2017 | 22.12.2017 | 23.12.2017 | 24.12.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C ) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C ) | 22 | 22 | 22 | 22 | 22 |
| മേഘവ്യാപ്തി (ഒക്ട) | 4 | 4 | 4 | 4 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 55 | 55 | 55 | 55 | 55 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 12 | 12 | 12 | 12 | 12 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 70 | 70 | 70 | 70 | 70 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം /രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| തെങ്ങ് | വെള്ളീച്ച | തെങ്ങിലെ വെള്ളീച്ചയെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തയ്യാറാക്കിയതിലേക്ക് 20 ഗ്രാം വെർട്ടിസീലിയം എന്ന മിത്രശുമിൾ ചേർത്ത് നന്നായി കലക്കി ഇലകളുടെ അടിവശത്ത് പതിയത്തക്കവിധം തളിച്ച് കൊടുക്കുക. മിത്രപ്രാണികളുടെ എണ്ണം കുറയ്ക്കുമെന്നതിനാൽ രാസകീടനാശിനികളുടെ ഉപയോഗം ഒഴിവാക്കേണ്ടതാണ്. |
| വാഴ | ഇലപ്പുള്ളി രോഗം | വാഴയിൽ കുമിൾ രോഗമായ ഇലപ്പുള്ളിരോഗത്തിനു മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. 2 ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ 1 ഗ്രാം ബാവിസ്റ്റിൻ ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്ക വിധം കുളിർക്കെ തളിക്കുക. കാറ്റിന്റെ വേഗത കൂടുന്നതിനാൽ വാഴകൾക്ക് താങ്ങുക്കാലുകൾ കൊടുക്കേണ്ടതാണ്. |
| പച്ചക്കറികൾ | ഇലപ്പേൻ, മണ്ഡരി | പച്ചക്കറികളിൽ ഇലപ്പേനിന്റെയും മണ്ഡരിയുടെയും ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ - വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയത്തക്ക വിധം 10 ദിവസം ഇടവേളകളിലായി ഇത് ആവർത്തിച്ച് തളിക്കുക. ആക്രമം രൂക്ഷമാണെങ്കിൽ സ്പൈറോമെസിഫെൻ 8 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. കൂടിയ ബാഷ്പീകരണം ഉള്ളതിനാൽ നന തുടരേണ്ടതാണ്. |
| മൃഗസംരക്ഷണം | കന്നുകാലികൾക്ക് ശ്വാസതടസമോ, പനിയോ, മുടന്തലോ ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിരമായി വൈദ്യസഹായം തേടുക. (CAADECS, KVASU, Mannuthy) | |